പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. **3103** 20.12.2012-ൽ മറുപടിക്ക്

**ആധാരമെഴുത്തുകാരുടെ പെൻഷൻ പദ്ധതിയും രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സമ്പ്രദായവും**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആധാരമെഴുത്തുകാരുടെ പെൻഷൻ പദ്ധതിപ്രകാരം എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്; വ്യക്തമാക്കാമോ; | (എ) നിലവിൽ പെൻഷൻ നൽകുന്നില്ല. ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തു-കാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി സംബന്ധിച്ച ബിൽ ബഹുമാന-പ്പെട്ട നിയമസഭയുടെ പരിഗണനയിലാണ്. |
| (ബി) രജിസ്ട്രേഷൻ വകുപ്പിൽ ഓൺ ലൈൻ പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശി-ക്കുന്നുണ്ടോ; ഈ പദ്ധതി ആധാരമെഴു-ത്തുകാരെ നിലനിർത്തിക്കൊണ്ടുള്ള പരിഷ്കാരമായിരിക്കുമോ; | (ബി) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി ആധാരമെഴുത്തുകാരെ നില-നിർത്തിക്കൊണ്ടുള്ളതായിരിക്കും. |
| (സി) 20,000 രൂപ വരെയുള്ളവ സ്റ്റാമ്പ്പേപ്പറിലും അതിൽ കൂടുതൽ വരുന്ന മുദ്രപത്രത്തിനും മാത്രം ഇ-സ്റ്റാമ്പിംഗും നടത്താൻ തീരുമാനി-ച്ചാൽ വെണ്ടർമാരുടെ ഉപജീവനമാർഗ്ഗം നിലയ്ക്കാതിരിയ്ക്കും എന്നത് സർക്കാർ ശ്രദ്ധിക്കുമോ? | (സി) സ്റ്റാമ്പ് വെണ്ടർമാരെ നിലനിർത്തി-ക്കൊണ്ടും, അവരുടെ ഉപജീവനമാർഗ്ഗം തടസ്സപ്പെടാത്ത രീതിയിലും ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ